**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1650** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് മിഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ലൈഫ് മിഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

**<u>മറുപടി:</u>** വിലയിരുത്തിയിട്ടുണ്ട്.

**(ബി)** 2021 മുതൽ 26 വരെ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെമ്പായം, കരകുളം ,മാണിക്കൽ , പോത്തൻകോട് ,അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും നെടുമങ്ങാട് നഗരസഭയിലുമായി എത്രവീതം വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ വഴി പൂർത്തിയായിട്ടുണ്ടെന്ന് പട്ടിക തിരിച്ച വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2021 മുതൽ 2026 വരെ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെമ്പായം, കരകുളം, മാണിക്കൽ, പോത്തൻകോട്, അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും നെടുമങ്ങാട് മുനിസിപ്പാ ലിറ്റിയിലുമായി 4806 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 3228 വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ മുഖേന പൂർത്തിയായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.

**(സി)** പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയുമായി എത്രവീതം ഭവനങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷന് കീഴിൽ പുരോഗമിക്കുന്നുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതി മുഖേന വെമ്പായം, കരകുളം, മാണിക്കൽ, പോത്തൻകോട്, അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലുമായി 1578 ഭവനങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി പുരോഗമിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു

**(ഡി)** ലൈഫ് മിഷന് കീഴിൽ ഒന്നാം ഗഡു ലഭ്യമാക്കി വീട് നിർമ്മാണം തുടങ്ങിയ ഗുണഭോക്താക്കൾക്ക് രണ്ടും മൂന്നും ഗഡുക്കളായി തുകകൾ നൽകാനുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തുകകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്ക് വായ്പ വിഹിതം, സംസ്ഥാന വിഹിതം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്

അഭ്യർത്ഥന പ്രകാരം നൽകുന്നുണ്ട്. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് ലഭ്യതക്കുറവ് മൂലം തുടർ ഗഡുക്കൾ അനുവദിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വർഷത്തെ വികസന ഫണ്ട് ലഭ്യമാക്കുന്നതു പ്രകാരം പരിഹരിക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| തദ്ദേശ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| അണ്ടൂർക്കോണം | 279 | 196 | 83 |
| കരകുളം | 243 | 127 | 116 |
| മാണിക്കൽ | 586 | 379 | 207 |
| പോത്തൻകോട് | 255 | 148 | 107 |
| വെമ്പായം | 635 | 375 | 260 |
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 2808 | 2003 | 805 |
| **ആകെ** | **4806** | **3228** | **1578** |

**അനുബന്ധം**

| തദ്ദേശ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| അണ്ടൂർക്കോണം | 279 | 196 | 83 |
| കരകുളം | 243 | 127 | 116 |
| മാണിക്കൽ | 586 | 379 | 207 |
| പോത്തൻകോട് | 255 | 148 | 107 |
| വെമ്പായം | 635 | 375 | 260 |
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 2808 | 2003 | 805 |
| **ആകെ** | **4806** | **3228** | **1578** |